Reg. No.: ..............................

Name : ..................................

GOVT. BRENNEN COLLEGE CENTRAL LIBRARY THALASSERY

**K15P 0262**

**I Semester M.A. Degree (Reg./Supple./Improve.) Examination, November 2015**

**MALAYALAM LANGUAGE AND LITERATURE**

**MAL 1 C01 : Ancient and Medieval Literature**

**(2014 Admn. Onwards)**

Time : 3 Hours Max. Marks : 80

I. **ഈരണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1) അവിടേനിന്റിളക്കുവാനായവ്വഴിയുഴൈത്തുവല്ലാ –
യ്ന്തവരവരവനിപാലനടിമലർക്കടിമ പുക്കാൻ – വിശദമാക്കുക.

2) പണമുള്ളവനെയകത്തു കരേറ്റും
ഗുണമുള്ളവനെത്തള്ളിയയക്കും – സന്ദർഭം വിവരിക്കുക.

3) കുറ്റമറ്റ പുഷ്പാ കുസുമസായകനൊടും
വെറ്റികൊണ്ടഴകെഴും തരുണർമേവിന്റെടം – പ്രസ്തുത ദേശത്തിന്റെ വർണന കവി നിർവഹിക്കുന്നതെങ്ങനെ ?

4) സുഖയതി സുകുമാരാ കാളിദാസസ്യ പാണീ –
പ്രയോഗത്തിന്റെ സൂക്ഷ്മാംശങ്ങൾ വെളിപ്പെടുത്തുക.

5) കുലം ബലം പുത്രകളത്രജാലം
ഫലം വരാമൃത്യുവരും ദശായാം – പൊരുൾ എന്ത് ? **(5×4=20)**

II. **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

6) എ) പാട്ടു പ്രസ്ഥാനത്തിന്റെ വികാസത്തെ ത്വരിതപ്പെടുത്തിയത് കണ്ണശ്ശകവികളാണ് – ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

ബി) പാട്ടിന്റെ വളർച്ചയിൽ തിരുനിഴൽമാലക്കുള്ള സ്ഥാനം നിർണയിക്കുക.

P.T.O.

7) എ) സൂക്ഷ്മമായ വർണ്ണനകളിലല്ല സ്ഥൂലമായ വർണനകളിലാണ് നമ്പ്യാർക്കവിത അഭിരമിക്കുന്നത്. ശരിയോ ?

**അല്ലെങ്കിൽ**

ബി) മലയാള സാഹിത്യത്തിൽ ചെറുശ്ശേരിയെപോലെ മനോധർമവിലാസവും അലങ്കാരപ്രയോഗവൈദഗ്ദ്ധ്യവുമുള്ള ഒരു കവി ഇല്ലെന്നു തന്നെ പറയാം – പരിശോധിക്കുക.

8) എ) പ്രാചീന മണിപ്രവാള ചമ്പുക്കളുടെ ലക്ഷ്യങ്ങളിൽ ഒന്ന് സാമൂഹിക പരിഷ്കരണമായിരുന്നു എന്ന വാദം സാധുവോ ? – വിശദീകരിക്കുക.

**അല്ലെങ്കിൽ**

ബി) മണിപ്രവാള പ്രസ്ഥാനം ഉരുത്തിരിയാൻ ഇടയായ സാമൂഹിക സാംസ്കാരിക സാഹചര്യങ്ങൾ വിവരിക്കുക.

9) എ) മധുരമധുര ഭാഷാ സംസ്കൃതാന്യോനി സമ്മേളന സുരഭിലയാണ് ചന്ദ്രോത്സവകാരന്റെ കവിത – ഉപപാദിക്കുക.

**അല്ലെങ്കിൽ**

ബി) 'സഹൃദയരിൽ വൈകാരിക ചലനം സൃഷ്ടിക്കുന്നതിൽ 'കോകസന്ദേശം' പരാജയപ്പെട്ടു' – പരിശോധിക്കുക.

10) എ) ഉണ്ണായിവാര്യരുടെ കഥാപാത്രാവിഷ്കരണ വൈഭവം നളചരിതം മൂന്നാം ദിവസത്തെ ആധാരമാക്കി വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

ബി) രാവണവിജയം ആട്ടക്കഥയിൽ മൂലകൃതിയിൽ നിന്നു വരുത്തിയിട്ടുള്ള വ്യത്യാസങ്ങളും അവയുടെ ഔചിത്യവും പരിശോധിക്കുക. **(5×6=30)**

III. **ആറു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

11) എ) ഭാഷാപരമായ അകലം കൊണ്ടു തിരിച്ചറിയാതെ പോകുന്ന കാവ്യാത്മകതയാണ് രാമചരിതത്തിന്റേത് – നിരൂപിക്കുക.

**അല്ലെങ്കിൽ**

ബി) എഴുത്തച്ഛന്റെ കിളിപ്പാട്ടുകൾ മലയാളത്തിലെ ഭക്തി സാഹിത്യത്തിന് അതുല്യമായ സംഭാവനകൾ ചെയ്തു – സമർത്ഥിക്കുക.



12) എ) മഹിളാളിമഹാസ്പദയാണ് മണിപ്രവാളം എന്നു പറയാറുണ്ടെങ്കിലും മലയാളത്തിലെ ഏറ്റവും ഹൃദ്യമായ പ്രകൃതിവർണനകളും ആർദ്രമായ ഈശ്വരസ്തവങ്ങളും മണിപ്രവാള പാരമ്പര്യത്തിന് അവകാശപ്പെട്ടതാണ് – വിമർശിക്കുക.

**അല്ലെങ്കിൽ**

ബി) പ്രാചീന ചമ്പുക്കളും മധ്യകാല ചമ്പുക്കളും തമ്മിലുള്ള സാജാത്യവൈജാത്യങ്ങൾ പരിശോധിക്കുക.

13) എ) സാഹിത്യപരമായും സാമൂഹികമായും ചരിത്രപരമായും ഉണ്ണുനീലി സന്ദേശത്തിനുള്ള മേന്മ വെളിവാക്കുക.

**അല്ലെങ്കിൽ**

ബി) ജ്ഞാനപ്പാനയിൽ ആവിഷ്കൃതമാവുന്ന തത്ത്വചിന്തയുടെ സ്വഭാവം വ്യക്തമാക്കുക. **(3×10=30)**

———————